**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1931** **02-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകളെ സംബന്ധിച്ച പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ബസ് റൂട്ടുകളെപ്പറ്റിയും ബസുകളുടെ പുനർക്രമീകരണം നടത്തുന്നതിനെപ്പറ്റിയും പഠിക്കുന്നതിന് കിഫ്ബിയുടെ കൺസൽട്ടൻസിയായ കിഫ്കോണിനെയും കെ.പി.എം.ജി.യെയും ചുമതപ്പെടുത്തിയിരുന്നോ; പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇതിന് എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ; | (എ) | കിഫ്കോണിനെ ചുമതലപ്പെടുത്തിയിരുന്നു. അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. തുകയൊന്നും നൽകിയിട്ടില്ല. |
| (ബി) | യാത്രാ സൗകര്യമുള്ള എല്ലാ റോഡുകളിലും പൊതുഗതാഗതം ഉറപ്പാക്കുന്നതിനായി പൊതുഗതാഗത സമഗ്ര സർവേയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി മുഖാന്തരമാണ് സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നത്; മേൽപ്പറഞ്ഞ സർവേയിലെ വിവരങ്ങൾ അപര്യാപ്തമായതിനാലാണോ പുതിയ സർവ്വേ നടത്തുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് പല ജില്ലകളിലും കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസുകൾ സർവീസ് നടത്താത്തത് മൂലം പൊതുജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല ഇതിൽ ചില റൂട്ടുകളിൽ സ്റ്റേജ് കാര്യേജുകൾ ലാഭകരമായി തന്നെ സർവീസ് നടത്തുവാൻ സാധിക്കുന്നതാണെന്നും മനസിലാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിലെ കെ.എസ്.ആർ.ടി.സി. / സ്വകാര്യ സ്റ്റേജ് കാര്യേജുകൾ സർവീസ് നടത്താത്തതും എന്നാൽ ലാഭകരമായി സർവീസ് നടത്തുവാൻ സാധിക്കുന്നതുമായ റൂട്ടുകൾ സംബന്ധിച്ച വിവരം അറിയിക്കുവാൻ മോട്ടോർ വാഹന വകുപ്പിലെ എല്ലാ ആർ.ടി.ഒ.-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ സർവ്വേകൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ